**ശ്രദ്ധക്ഷണിക്കൽ**

(1) പുതുക്കിയ തൊഴിലുറപ്പ് വേതന മാർഗ്ഗനിർദ്ദേശങ്ങൾ പിൻവലിക്കുന്നത് സംബന്ധിച്ച്

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഇന്ന് കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ എല്ലാ വാർഡുകളിലും തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾ തൊഴിലിടങ്ങളിൽ ശക്തമായ പ്രതിഷേധ സമരം സംഘടിപ്പിക്കുകയാണ്. കേന്ദ്രത്തിൽ ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ 7 വർഷക്കാലത്തിനിടയിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ക്രമാനുഗതമായി അട്ടിമറിക്കുന്നതിനുള്ള പരിശ്രമത്തിലാണ് കേന്ദ്രസർക്കാർ. തൊഴിൽരഹിതരുടെ എണ്ണം ഓരോ വർഷവും ഗ്രാമങ്ങളിൽ വർദ്ധിച്ച് വരികയാണ്. അതേ സന്ദർഭത്തിലാണ് ദേശിയ തൊഴിലുറപ്പ് പദ്ധതിക്കുള്ള കേന്ദ്ര വിഹിതം മോദി സർക്കാർ വെട്ടിച്ചുരുക്കുന്നത്. ഇതുവരെ പദ്ധതി നടപ്പിലാക്കിയതുവഴി ഗ്രാമീണ ജനതയുടെ വരുമാനം വർദ്ധിച്ചെന്നും സമൂഹത്തിലെ ഉപരി വിഭാഗങ്ങൾക്കൊപ്പം ജീവിക്കാനുള്ള സാമ്പത്തിക ശേഷി ഗ്രാമീണ ജനതയ്ക്ക് ഉണ്ടായെന്നും ഭാവിക്കുന്നവർ കേന്ദ്ര ഭരണകൂടത്തിലുണ്ട്. അവരെല്ലാം ചേർന്നാണ് പദ്ധതിയെ തകർക്കാൻ

ശ്രമിക്കുന്നത്. ഏറ്റവും അവസാനം ഇപ്പോൾ പ്രത്യേക ഉപദേശക സമിതികളെ രൂപപ്പെടുത്തി ജാതി അടിസ്ഥാനത്തിൽ തൊഴിൽ നൽകുന്നതിനുള്ള തീരുമാനം സ്വീകരിച്ചുകഴിഞ്ഞു. കോവിഡ് പോലുള്ള മഹാമാരിയെ ചെറുക്കാൻ കഴിയാതെ ബദ്ധപ്പെടുന്ന ഗ്രാമീണ ജനതയ്ക്ക് മേലാണ് മഞ്ഞുമല വീണതുപോലെ ഈ പുതിയ തീരുമാനം പതിച്ചത്. ഉപദേശക സമിതികൾ ഇക്കാര്യത്തിൽ എന്താണ് തീരുമാനിക്കാൻ പോകുന്നതെന്ന് പ്രവചിക്കാനാകുന്നില്ല. ജനസംഖ്യയിൽ വലിയൊരു വിഭാഗമാണ് ദളിത് സമൂഹം. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ദളിതരുടെ ഉന്നമനം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിരുന്നു. അത്തരം പദ്ധതികളുടെ ഗുണങ്ങളൊന്നും ദളിതർക്ക് ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ അവരുടെ സാമൂഹിക പദവി വേണ്ടത്ര ഉയരുകയും ചെയ്തില്ല. ദളിതരിൽ ഭൂരിപക്ഷം ആളുകളും നിരക്ഷരരും ഭൂരഹിതരും ഭവന രഹിതരുമാണ്. തൊഴിലില്ലായ്മ അവരുടെ ഇടയിൽ രൂക്ഷവുമാണ്. അവർക്കുമേൽ ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നു. അതിക്രമങ്ങൾക്ക് ഇരയാകുന്നവർ കേസ്സുകളിൽ പ്രതിചേർക്കപ്പെടുന്ന സംഭവങ്ങളും ഉണ്ട്. അതിക്രമങ്ങൾ അമർച്ച ചെയ്യാൻ ഭരണകൂടങ്ങൾക്ക്

കഴിയുന്നില്ല. അതിക്രമങ്ങൾക്കെതിരായ ചെറുത്തുനിൽപ്പിന് ദളിതരുടെ സംഘടനകളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും മറ്റ് ഇടതുപക്ഷ പാർട്ടികളും ശ്രമിച്ചുവരുന്നുണ്ട്. ആ പോരാട്ടവും ചെറുത്തുനിൽപ്പും ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ സാഹചര്യത്തിൽ മേൽചൂണ്ടിക്കാണിച്ച രണ്ടു കാര്യങ്ങളിലും വ്യത്യസ്ഥതയുണ്ട്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ദളിത സമൂഹം പൊതുവിൽ സുരക്ഷിതരാണ് കേരളത്തിൽ. അവരുടെ ഉന്നമനം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. അതിന്റെ ഗുണഭോക്താക്കളാകാൻ പൊതുവിൽ ദളിത് സമൂഹത്തിന് കഴിയുന്നുമുണ്ട്. നിലവിലെ പദ്ധതികളിലെ പോരായ്മകൾ പരിഹരിക്കലാണ് കേരളത്തിലെ പൊതുവായ ആവശ്യം. തൊഴിലുറപ്പ് പദ്ധതിയുടെ കാര്യത്തിൽ ഗുണഭോക്താക്കൾക്ക് കൂടുതൽ തൊഴിലവസരവും വരുമാനവും ഉറപ്പാക്കാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. തൊഴിലുറപ്പ് തൊഴിലാളികൾക്കായി പ്രത്യേക ക്ഷേമനിധി രൂപപ്പെടുത്താൻ നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇക്കാര്യത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് ഈ പദ്ധതി ഉപേക്ഷിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കത്തെ ചെറുക്കാൻ

നമുക്ക് കഴിയണം. തൊഴിലുറപ്പ് പദ്ധതി ജാതി വർണ്ണാടിസ്ഥാനത്തിലേയ്ക്ക് മാറ്റുന്ന കേന്ദ്ര ഗവൺമെന്റിന്റെ നീചമായ നടപടിക്കെതിരായിട്ടുള്ള ശക്തമായ പ്രതിഷേധം നമ്മുടെ നാട്ടിൽ ഉയർന്ന് വരേണ്ടതായിട്ടുണ്ട്. ഒരു കണക്കുകൂടി ഞാൻ സൂചിപ്പിക്കാം, കേരളത്തിൽ ഇഷ്യൂ ചെയ്ത ജോബ് കാർഡുകൾ 39 ലക്ഷമാണ്. പണിയെടുക്കുന്നവർ, ആക്ടീവ് തൊഴിലാളികൾ എല്ലാം ചേർന്ന് എകദേശം 2475155 പേരുണ്ട്. തൊഴിൽ കാർഡ് എടുത്തവർ 6149731 ആണ്. കേരളത്തിലെ ജനസംഖ്യയുടെ ഏകദേശം നാലിലൊന്നുവരുന്ന ജനവിഭാഗമാണ്. ഇക്കാര്യത്തിൽ ഗ്രാമവികസന മന്ത്രിയുടേയും ഗവൺമെന്റിന്റേയും അടിയന്തര ശ്രദ്ധ ഉണ്ടാകണമെന്ന അഭ്യർത്ഥനയാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ നടത്തുന്നത്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട എം. എൽ. എ., സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച വിഷയം വളരെയേറെ ഗൗരവമുള്ള ഒന്നായാണ് സംസ്ഥാനം കാണുന്നത്. നവോത്ഥാന പ്രസ്ഥാനങ്ങളുടെ കാലംമുതൽ ഉയർന്നുവന്ന കേരളീയരുടെ ജാതിനശീകരണ-മതനിരപേക്ഷ മനസ്സിനെ തകർക്കുന്നതിന് ഉതകുന്ന നിലപാടുകളുമായാണ്

തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്രഗവൺമെന്റ് ഇടപെടുന്നത്. സാധാരണ ജനങ്ങളിൽ, പ്രത്യേകിച്ച് ഗ്രാമീണ സ്ത്രീകൾക്കിടയിൽ തൊഴിലും വരുമാനവും ഉറപ്പാക്കാനും അവരിൽ അവകാശബോധം ഉയർത്താനും മതിയായവിധത്തിലാണ് നമ്മുടെ സംസ്ഥാനത്ത് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഏറ്റവും സുതാര്യമായ പദ്ധതി നടത്തിപ്പിലൂടെ സാധാരണക്കാരും പാവപ്പെട്ടവരുമായ അടിസ്ഥാന ജനവിഭാഗങ്ങളിലേയ്ക്ക് വിശിഷ്യാ സ്ത്രീകളിലേയ്ക്ക് അർഹമായ ആനുകൂല്യങ്ങൾ എത്തിക്കുന്നതിന് നമ്മുടെ സംസ്ഥാനത്തിന് സാധിക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. യാതൊരുതരത്തിലുള്ള വിവേചനവുമില്ലാതെ തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിലും വേതനം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിലും കേരളം മാതൃകാപരമായ ഇടപെടലുകളാണ് നടത്തിക്കഴിഞ്ഞിട്ടുള്ളത്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് വേതനം വിതരണം ചെയ്യുന്ന കാര്യത്തിൽ 2021 ഏപ്രിൽ മാസം മുതൽ പുതിയ സംവിധാനം കേന്ദ്രഗവൺമെന്റ് കൊണ്ടുവന്നിരിക്കുകയാണ്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ്

പദ്ധതിയുടെ ഡയറക്ടർ 02.03.2021 -ന് സംസ്ഥാന സർക്കാരുകൾക്ക് അയച്ച കത്ത് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ വേതന വിതരണത്തിന് പുതിയ രീതി നിശ്ചയിച്ചിരിക്കുന്നത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. തൊഴിലാളികളെ പട്ടികവർഗ്ഗം, പട്ടികജാതി, മറ്റുള്ളവർ എന്നിങ്ങനെ മൂന്നായി തരംതിരിക്കുകയും ഓരോവിഭാത്തിനും വെവ്വേറെ ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുകയും ചെയ്യുന്നതിന് കേന്ദ്രസർക്കാർ ഫലത്തിൽ തീരുമാനിച്ച് വന്നിരിക്കുകയാണ്. നിലവിൽ ഒരൊറ്റ ബാങ്ക് അക്കൗണ്ടിലൂടെയാണ് എല്ലാ വിഭാഗത്തിലുംപെട്ട തൊഴിലാളികൾക്ക് വർഷങ്ങളോളമായി വേതനവിതരണം നടത്തിവരുന്നത്. ആ സമ്പ്രദായത്തിൽ ഭേദഗതി വരുത്തി തൊഴിലാളികളെ മൂന്ന് വിഭാഗങ്ങളാക്കി തിരിക്കാനും ഒരോവിഭാഗത്തിനും പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ച് വേതനവിതരണം നടത്താനുമാണ് കേന്ദ്രസർക്കാർ ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതി ദേശീയ ഡയറക്ടറേറ്റിന്റെ ഈ തീരുമാനത്തിനെതിരെ പ്രതിഷേധവും എതിർപ്പും തൊഴിലാളികൾക്കിടയിൽ ഉയർന്നുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട എം. എൽ. എ. തന്നെ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളപോലെ കേരളത്തിന്റെ

വിവിധ മേഖലകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾ, സംഘടനകൾ എന്നിവരെല്ലാം ഇതിനെതിരായി ശക്തമായ പ്രചരണവും സമരവും നടത്തിവരികയാണ്. തൊഴിലാളികൾക്കിടിയിൽ വിവേചനം സൃഷ്ടിക്കുന്നതിനും തൊഴിലിടങ്ങൾ സങ്കീർണ്ണമാക്കുന്നതിനും ഈ തീരുമാനം കാരണമായി. സങ്കീർണ്ണമായ ഈ പ്രശ്നം വളരെ ഗൗരവത്തോടെയാണ് സംസ്ഥാന സർക്കാർ വീക്ഷിക്കുന്നത്. ഒരേ തൊഴിലിടത്തിൽ ഒരേ പണിയെടുക്കുന്ന പാവപ്പെട്ടവരും സാധാരണക്കാരുമായ തൊഴിലാളികൾക്കിടയിൽ ജാത്യാടിസ്ഥാനത്തിൽ തരംതിരിവുണ്ടാക്കുന്ന കാഴ്ചപ്പാടിനോട് സംസ്ഥാന സർക്കാരിന് യോജിക്കാനാകില്ല. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ആക്ടിലെ (The Mahatma Gandhi National Rural Employment Guarantee Act) വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് കേന്ദ്രഗവൺമെന്റിന്റെ ഈ പുതിയ തീരുമാനം. പ്രസ്തുത വിഷയത്തിലുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രസർക്കാരിനെ അറിയിക്കുകയും കേന്ദ്രസർക്കാർ സ്വീകരിക്കുന്ന തുടർനടപടികൾ മനസ്സിലാക്കിയശേഷം ഇതുസംബന്ധിച്ച സമീപനം കൈക്കൊള്ളുകയും ചെയ്യുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ

അറിയിക്കുകയാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഈ വർഷത്തെ പദ്ധതിയിൽ Tribal Plus programme നടപ്പിലാക്കാനാകുമോ; ട്രൈബൽ മേഖലയിൽ 200 ദിവസമെങ്കിലും തൊഴിൽ നൽകാൻ സാധിക്കുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഒരു വർഷം 200 ദിവസത്തെ തൊഴിലുണ്ടാകണമെന്നാണ് തൊഴിലാളികളും തൊഴിലാളി സംഘടനകളുമെല്ലാം ഉന്നയിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിലും കൃത്യമായ ധാരണയോടെ ഉൾക്കൊള്ളിച്ചിട്ടുള്ള വിഷയമാണ്. ആ ലക്ഷ്യത്തിലേയ്ക്കെത്തിക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്, അങ്ങനെതന്നെ മുന്നോട്ടുപോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്.

(2) നാളികേര കർഷകർക്ക് സഹായം

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, നാളികേരത്തിന്റെ വില കാലോചിതമായി വർദ്ധിപ്പിച്ച് അടിയന്തരമായി പഞ്ചായത്തുകൾതോറും നാളികേര സംഭരണത്തിനുള്ള സംവിധാനമുണ്ടാക്കണമെന്ന ആവശ്യത്തിലേയ്ക്കാണ് ഈ ശ്രദ്ധക്ഷണിക്കൽ.

കേരളത്തിലെ പ്രധാന കാർഷിക ഉത്പന്നമാണല്ലോ നാളികേരം. സംസ്ഥാനത്തിന്റെ പേരുപോലും വന്നത് നാളികേരം, മലയാളം എന്നീ വാക്കുകൾ കൂടച്ചേർന്നാണല്ലോ. മലയാളത്തിനെപ്പോലെ, അല്ല, മലയാളത്തിനേക്കാൾ കഷ്ടമാണ് നാളികേര കർഷകന്റെ ഇന്നത്തെ അവസ്ഥ. നാളികേരത്തിന് ഏറ്റവുംകൂടുതൽ വിലകിട്ടിയത് 1988-ലാണെന്ന് മുതിർന്ന കർഷകരുമായി കൂടിയാലോചിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. ഒരു നാളികേരത്തിന് അന്ന് എട്ടു രൂപ വിലയുണ്ടായിരുന്നു. അന്ന് ഒരു കിലോ അരിയുടെ വില നാല് രൂപയിൽ താഴെയായിരുന്നു. അതായത് ഒരു നാളികേരം കൊണ്ടുപോയാൽ രണ്ട് കിലോ അരി കിട്ടുന്ന ഒരു കാലം എന്നർത്ഥം. എന്നാൽ ഇന്ന് അരിയുടെ വില നാൽപ്പത് രൂപയാണ്. ഒരു കിലോ അരി കിട്ടണമെങ്കിൽ ഇന്ന് എത്ര നാളികേരം കൊണ്ടുപോകണമെന്ന കണക്ക് വ്യക്തമായി അറിയുമല്ലോ. തൊഴിലാളികളുടെ കൂലി അന്ന് നാൽപ്പത് രൂപയായിരുന്നു. എന്നാൽ ഇന്ന് എണ്ണൂറ് രൂപയായി വർദ്ധിച്ചു. അരിയുടെ വില പത്തിരട്ടിയായി വർദ്ധിച്ചപ്പോൾ തൊഴിലാളികളുടെ കൂലി നാൽപ്പതിൽനിന്നും എണ്ണൂറാകുമ്പോൾ ഇരുപത് ഇരട്ടിയായി വർദ്ധിച്ചു. തെങ്ങ് കയറ്റത്തൊഴിലാളിയുടെ കൂലി എട്ട് തെങ്ങ് കയറുമ്പോൾ ഒരു

നാളികേരം എന്ന കണക്കിലായിരുന്നു, അഥവാ ഒരു നാളികേരത്തിന് ഒരു രൂപ. എന്നാൽ ഇന്ന് തെങ്ങുകയറ്റ തൊഴിലാളിയുടെ കൂലി തെങ്ങൊന്നിന് അൻപത് രൂപയാണ്. അതായത് അൻപത് ഇരട്ടിയുടെ വർദ്ധനവ് ഉണ്ടായെന്നർത്ഥം. 1988-ൽ ഒരു തേങ്ങ പൊളിക്കുന്നതിന് ഒരുപൈസയായിരുന്നു കൂലി. ഇന്ന് ഒരു രൂപയാണ് കൂലി, അഥവാ നൂറ് ഇരട്ടിയുടെ വർദ്ധനവ് വന്നു. 1988 -നുശേഷം 2008 -വരേക്കും തേങ്ങയുടെ വില നാല് രൂപയ്ക്കും എട്ട് രൂപയ്ക്കുമിടയിലായി ഉയർന്നും താഴ്ന്നും നിന്നു. എന്നാൽ 2010-നുശേഷം നാളികേരത്തിന്റെ വിലയിൽ ഒരു വലിയ ഇടിവുണ്ടായി. 2.50 രൂപയ്ക്ക് താഴേയ്ക്കും വന്ന അവസ്ഥയുണ്ടായി. ഒരു നാളികേരം കൊടുത്താൽ ഒരു നാരങ്ങ വാങ്ങാൻ കഴിയാത്ത കാലമായിരുന്നു. 2008 -ൽ കേന്ദ്രം ഒരു നാളികേരത്തിന് 4.10 രൂപ വച്ച് പച്ചത്തേങ്ങ സംഭരിക്കാൻ തീരുമാനിച്ചെങ്കിലും കേരളത്തിൽ ഉദ്ഘാടന പരിപാടിയല്ലാത സംഭരണം നടന്നില്ല. 2012 -ലാണ് കിലോയ്ക്ക് 12 രൂപ വച്ച് പച്ചത്തേങ്ങ സംഭരണം 293 കൃഷിഭവനുകളിലൂടെ ആരംഭിച്ചത്. അതുവഴി ഒരു നാളികേരത്തിന്റെ വില 5 രൂപയിലേയ്ക്ക് കുതിച്ചുയർന്നു. കിലോയ്ക്ക് മുപ്പത്തിയെട്ട് രൂപ വരെ ഘട്ടംഘട്ടമായി വില ഉയർത്തി. അതുവഴി ഒരു

നാളികേരത്തിന് 15 രൂപവരെ വിലകിട്ടുന്ന സന്ദർഭമുണ്ടായി. കഴിഞ്ഞ അഞ്ചുവർഷമായി കേരളത്തിൽ നാളികേരം സംഭരിക്കുന്നില്ല. സംഭരണത്തിനുള്ള ഏജൻസിയെപ്പോലും പ്രഖ്യാപിച്ചിട്ടില്ല. 2016 -ലെ ബഡ്ജറ്റിൽ കിലോയ്ക്ക് 27 രൂപയും, എല്ലാ പഞ്ചായത്തുകളിലും പച്ചത്തേങ്ങ സംഭരിക്കുമെന്നും പ്രഖ്യാപിച്ചിരുന്നെങ്കിലും സംഭരണംമാത്രം നടന്നില്ല. നാളികേര കർഷകരെ രക്ഷിക്കാൻ തയ്യാറാകണം. മിടുക്കനും ഉത്സാഹിയുമായ ഒരു മന്ത്രിയിൽ ഞങ്ങൾക്ക് വലിയ പ്രതീക്ഷയുണ്ട്. 2016 -ൽ പ്രഖ്യാപിച്ച 27 രൂപയിൽനിന്നും 32 രൂപയായി ഇന്ന് തറവില ഉയർത്തിയിട്ടുണ്ട്. പൊതുമാർക്കറ്റിൽ 48 രൂപ വിലയുള്ളപ്പോഴാണ് 32 രൂപയുടെ പ്രഖ്യാപനമുണ്ടായത്. അതുവഴി പച്ചത്തേങ്ങയുടെ വില 38 രൂപയിലേയ്ക്ക് താഴ്ന്ന എന്നുള്ള വസ്തുതകൂടി ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ ഒരു കിലോ തേങ്ങയുടെ വില 30 രൂപയിലും താഴെയാണ്. നാളികേരത്തിന്റെ ഉത്പാദനച്ചെലവ് പതിനഞ്ച് രൂപയോളം ആകുമാണെന്നതാണ് വസ്തുത. ഉത്പാദനച്ചെലവും അതിന്റെ അൻപത് ശതമാനവും ചേർന്നുള്ള വിലയിൽ സംഭരണം നടത്തുമെന്നാണ് ബഡ്ജറ്റ് പ്രഖ്യാപനത്തിലുള്ളത്. അങ്ങനെയെങ്കിൽ ഒരു കിലോ നാളികേരത്തിന്

അൻപത്താറ് രൂപ ലഭിക്കേണ്ടതുണ്ട്. എന്നാൽ തുടക്കത്തിൽ നാൽപ്പത്തിയഞ്ച് രൂപയെങ്കിലുമായി വർദ്ധിപ്പിച്ചുകൊണ്ട് നാളികേരം ഉത്പാദിപ്പിക്കുന്ന മുഴുവൻ പഞ്ചായത്തുകളിലൂടെയും അടിയന്തരമായി സംഭരിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്ന് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ സഭ മുമ്പാകെ അവതരിപ്പിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, ആദരണീയനായ തിരൂർ അംഗം കുറുക്കോളി മൊയ്തീൻ കേരളത്തിന്റെ നാളികേര മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഉന്നയിച്ചത്. അദ്ദേഹം അതിന്റെ സംഭരണ വിലയെക്കുറിച്ച് പറഞ്ഞു. ഇന്ത്യയിലെ കാർഷിക വിളകളുടെ താങ്ങുവില പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നത് കമ്മീഷൻ ഫോർ അഗ്രിക്കൾച്ചറൽ കോസ്റ്റ് ആന്റ് പ്രൈസസാണ്. വിളകളുടെ ഉല്പാദനച്ചെലവും മറ്റ് പ്രാദേശിക ഘടകങ്ങളും കണക്കാക്കിയാണ് താങ്ങുവില നിശ്ചയിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് കൊപ്രയ്ക്ക് കേന്ദ്രം താങ്ങുവില പ്രഖ്യാപിച്ചിരിക്കുന്നത്. ഇപ്പോൾ ഇത് കിലോയ്ക്ക് 103.35 രൂപയാണ്. യഥാർത്ഥ കർഷകർക്ക് സംഭരണത്തിന്റെ ഗുണം ലഭിക്കണമെങ്കിൽ പച്ചത്തേങ്ങയ്ക്ക് എം.എസ്.പി.-നിശ്ചയിച്ച് സംഭരിച്ചാൽ

മാത്രമേ സാധ്യമാവുകയുള്ളൂ. അതിനാൽ കേരളം കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെടുന്നത് കൊപ്രയ്ക്ക് പകരം പച്ചത്തേങ്ങയ്ക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്നും സ്റ്റേറ്റ് സ്പെസിഫിക്കായി എം.എസ്.പി.- പ്രഖ്യാപിക്കണമെന്നുമാണ്. എന്നാൽ പച്ചത്തേങ്ങയ്ക്ക് എം.എസ്.പി. പ്രഖ്യാപിക്കാൻ കേന്ദ്രം തയ്യാറായിട്ടില്ല. കൊപ്രയ്ക്ക് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില അടിസ്ഥാനപ്പെടുത്തിയാണ് കേന്ദ്രകൃഷി മന്ത്രാലയം പച്ചത്തേങ്ങയ്ക്ക് ഇപ്പോൾ 28 രൂപ താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ കേരളത്തിലെ നാളികേര കർഷകരുടെ വർദ്ധിച്ച ഉല്പാദനച്ചെലവ് മനസ്സിലാക്കി നാളികേരളത്തിന്റെ സംഭരണവില നിലവിലെ 27 രൂപയിൽനിന്നും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 28 രൂപ എന്നതിനേക്കാൾ നാല് രൂപ അധികം നൽകി 32 രൂപയ്ക്ക് സംഭരിക്കാൻ 2021-2022 ബഡ്ജറ്റിൽ പ്രഖ്യാപിച്ച് നടപ്പിലാക്കി. പച്ചത്തേങ്ങ സംഭരണത്തിനുള്ള നോഡൽ ഏജൻസികളായി കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നാളികേരത്തിന്റെ വില ഇടിയുന്നുവെന്ന് നാളികേര കർഷകരുടെ ഇടയിൽനിന്ന് ഉയരുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഇക്കണോമിക്

ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ വിലനിലവാരം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ പച്ചത്തേങ്ങയുടെ വില 31 രൂപയായി കാണുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി പച്ചത്തേങ്ങയുടെ താങ്ങുവിലയേക്കാൾ കുറവുള്ള തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നതാണ്. തിരുവനന്തപുരത്തെ ആനയറയിലുള്ള കേരഫെഡിന്റെ റീജിയണൽ ഓഫീസിലും തൃശ്ശൂർ പൂച്ചിനിപ്പാടത്തുള്ള കേരഫെഡ് ഓഫീസിലും പൊന്നാനിയിലെ വെളിയങ്കോട്ടുള്ള പെരുമ്പടപ്പ് ബ്ലോക്ക് കോക്കനട്ട് ആന്റ് പ്രോസ്സസിംഗ് മാർക്കറ്റിംഗ് സൊസൈറ്റിയിലും കേരഫെഡ് സംഭരണം ആരംഭിക്കുന്നതാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഓരോ ജില്ലയിലും ഒരു കേന്ദ്രത്തിൽമാത്രം സംഭരിച്ചാൽ കർഷകർക്ക് എങ്ങനെയാണ് ഉല്പന്നങ്ങൾ എത്തിക്കാൻ കഴിയുന്നത്; അതുകൊണ്ട് പഞ്ചായത്തുകൾതോറും നേരത്തെയുണ്ടായിരുന്നതുപോലെ കൃഷി ഭവനിലൂടെ സംഭരിച്ചതുപോലെയുള്ള സംവിധാനമാണ് പുനരാരംഭിക്കേണ്ടത്.

<u>ശ്രീ. പി. പ്രസാദ്</u>: സർ, ആ പ്രശ്നങ്ങൾ നോക്കിയതിനുശേഷം സംഭരണത്തിന് കൂടുതൽ കേന്ദ്രങ്ങൾ ആവശ്യമായി വന്നാൽ അതനുസരിച്ച് ഏർപ്പെടുത്തുന്നതാണ്.